## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3093 24.02.2016 - ൽ മറുപടിയ്ക്ക്

## ഫയലുകളുടെ മുൻഗണനാക്രമം

**ചോദ്യം**

**ശ്രീ. പി.തിലോത്തമൻ**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ എത്തുന്ന ഫയലുകളിൽ മുൻഗണനാ ക്രമം തെറ്റിച്ച് നടപടികളെടുക്കുന്നതുമായി ബന്ധപ്പെട്ട എത്ര പരാതികൾ നിലവിലുണ്ടെന്ന് പറയാമോ; | (എ) & (ബി) | പൊതുജനങ്ങൾക്ക് സർക്കാർ സേവനം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഫയലുകളുടെ മുൻഗണന നിശ്ചയിക്കുന്നത് ആയത് ലഭിക്കുന്ന തീയതിയും സമയവും മാത്രം കണക്കാക്കിയല്ല. മറിച്ച് അതിലടങ്ങിയിരിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം അനുസരിച്ചാണ് പൊതുജനങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ നൂറുകണക്കിന് ഫയലുകൾ, അപേക്ഷകൾ, പരാതികൾ സെക്രട്ടേറിയറ്റ് വകുപ്പുകളിൽ ദിനംപ്രതി ലഭിക്കാറുണ്ട്. അവയിൽ ആവശ്യം, സത്വരം, അടിയന്തിരം, അന്നുതന്നെ നടപടി സ്വീകരിക്കേണ്ടവ എന്നിങ്ങനെ സമയബന്ധിതമായി ചെയ്യേണ്ടുന്ന വിഷയങ്ങളും ഉണ്ടാവാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പ്രാധാന്യം കുറഞ്ഞ വിഷയങ്ങളെക്കാളുപരി അടിയന്തര വിഷയങ്ങൾക്ക് മുൻഗണന നൽകി നടപടി സ്വീകരിക്കേണ്ടതായി വരും. ഏതെങ്കിലും വകുപ്പിൽ ഫയലുകൾ മുൻഗണനാക്രമം തെറ്റി കൈകാര്യം ചെയ്യുന്നു എന്നുള്ള പരാതി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വകുപ്പുകളിൽ ലഭിക്കുന്ന എല്ലാ ഫയലുകളിലും പരാതികളിലും അപേക്ഷകളിലും എത്രയും വേഗത്തിൽ തന്നെ നടപടി സ്വീകരിച്ച് തീർപ്പാക്കുവാനും പഞ്ചദിനചട്ടം, സേവനാവകാശം എന്നിവ കർശനമായി പാലിക്കുവാനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം പരാതികളിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ